# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമില്ലാത്ത
ചോദ്യം നം. 548

28/09/2016-ലെ
മറുപടിയ്ക്ക്.

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ

| ചോദ്യം<br>ശ്രീ. പി. സി. ജോർജ്ജ് | | ഉത്തരം<br>ശ്രീ.എ.കെ. ബാലൻ<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി - പട്ടികവർഗ്ഗ സമുദായക്ഷേമ പദ്ധതികൾക്കായി ഈ ബജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട് ; വിശദമാക്കുമോ; | (എ) | **പട്ടികജാതി**<br>പട്ടികജാതി ക്ഷേമ പദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>Budget Outlay (Rs. In crore)<br>State Plan Scheme — 1315.50/-<br>Centrallysponsored Scheme — 430.92/-<br>Grand in Aid to LSGD — 1038.90/-<br>Non Plan Scheme — 73.377/-<br>Grand Total — 2858.697/-<br><br>**പട്ടികവർഗ്ഗം**<br>2016-17 സാമ്പത്തിക വർഷത്തിൽ പട്ടിക വർഗ്ഗ ക്ഷേമത്തിനായി ആകെ 810.16 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് . ഇതിൽ 654.16 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും 156 കോടി രൂപ തദ്ദേശസ്വയംഭരണ വകുപ്പിന് റ്റി.എസ്.പി ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സമുദായങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | **പട്ടികജാതി**<br>പട്ടികജാതി വികസനത്തിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1. വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സംസ്ഥാനത്തെ മികച്ച വിദ്യാലയങ്ങളേക്കാൾ മെച്ചപ്പെട്ട കെട്ടിട സൗകര്യങ്ങൾ, പഠന, താമസ |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളും ഭക്ഷണം എന്നിവ നൽകാൻ ഉദ്ദേശിക്കുന്നു.<br>2. പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർ ലാബ്, ഇന്റർനെറ്റ് സൗകര്യം.<br>3. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ കുട്ടികളുടെ പഠന സഹായത്തിന് 20 കുട്ടികൾക്ക് ഒന്ന് എന്ന തോതിൽ ട്യൂട്ടർമാരെ നിയമിക്കും.<br>4. കേരളത്തിലെ മുഴുവൻ പ്രീ മെട്രിക്/ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും MRS-കളും ആധുനീകരിക്കും.<br>5. പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്കുള്ള എല്ലാവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളും 25% വീതം ഉയർത്തും<br>6. സെറ്റിൽമെന്റുകളും, പട്ടികജാതി കോളനികളും ഒരു യൂണിറ്റായി കണ്ടു കൊണ്ട് എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പു വരുത്തുന്നതിന് ഒരു പാക്കേജ് തയ്യാറാക്കും<br>7. പട്ടികജാതി വിഭാഗത്തിൽപ്പെട്ട മാതാപിതാക്കൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ ആരോഗ്യ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതി വാൽസല്യനിധി എന്ന പേരിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>**<u>പട്ടികവർഗ്ഗം</u>**<br>പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിനായി തുടർ പദ്ധതികൾക്ക് പുറമെ 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ വൻബന്ധു കല്യാൺ യോജന എന്ന പുതിയ പദ്ധതി 2016-17 വർഷം മുതൽ നടപ്പിലാക്കി വരുന്നു.<br>KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് താഴെ പറയുന്ന പദ്ധതികൾ നടത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.<br>1. തിരുവനന്തപുരം ജില്ലയിൽ കുറ്റിച്ചലിൽ എം. ആർ. എസ് നിർമ്മാണം (25 കോടി)<br>2. കണ്ണൂർ ജില്ലയിൽ ആറളത്ത് പുതിയ എം. ആർ. എസ് നിർമ്മാണം (25 കോടി)<br>3. കാസർഗോഡ് ജില്ലയിൽ ബദഡുക്കയിൽ പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം ( 5 കോടി)<br>4. കാസർഗോഡ് ജില്ലയിൽ കുറ്റിക്കോലിൽ ആൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം ( 5 കോടി)<br>5. കൊല്ലം ജില്ലയിൽ അച്ചൻകോവിലിൽ പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം ( 5 കോടി)<br>6. ഇടുക്കി ജില്ലയിൽ നെടുങ്കണ്ടത്ത് പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് |

| | | | |
|---|---|---|---|
| | | | ഹോസ്റ്റൽ നിർമ്മാണം ( 5 കോടി)<br>7. എറണാകുളം ജില്ലയിൽ ഇടമലയാറിൽ പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം ( 5 കോടി)<br>8. എറണാകുളം ജില്ലയിൽ നേര്യമംഗലത്ത് പെൺകുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം ( 5 കോടി)<br>9. ഇടുക്കി ജില്ലയിൽ കോടാലിപ്പാറയിൽ ആൺകുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം ( 5 കോടി)<br>10. വി.റ്റി.സി ഇടുക്കിയിൽ പുതിയ അക്കാഡമിക് ബ്ലോക്കിന്റെയും ഹോസ്റ്റലിന്റെയും നിർമ്മാണം (5 കോടി)<br>11. തിരുവനന്തപുരം ജില്ലയിൽ പാലോടിൽ എസ്.ടി യൂത്ത് ഹോസ്റ്റൽ നിർമ്മാണം (5 കോടി)<br>പി.കെ. കാളൻ കുടുംബ പദ്ധതി എന്ന പേരിൽ 25 കോടി രൂപ എ.ടി.എസ്.പിയിൽ നിന്നും വകയിരുത്തി ആദിവാസ മേഖലകൾക്ക് പുറത്ത് ചിന്നിച്ചിതറി താമസിക്കുന്ന ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങളുടെ ഉന്നമനത്തിനായി പഞ്ചായത്ത് തലങ്ങളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ